*Kerala Catholic Bishops' Council's*

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25,Ph: 0484 2806262, kcbcshv@gmail.com

152nd Issue - Volume 4, No. 33 ജാഗ്രത 24th September 2010

"Freedom consists not in doing what we like, but in having the right to do what we ought".

Pope John Paul II



CARDINAL NEWMAN

**Commission Chairman**
Rt. Rev. Dr. Stanley Roman

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

**Commission Secretary**
Fr. Johny Kochuparambil

## ഇടയലേഖനത്തിന്റെ പേരിൽ നിഴൽയുദ്ധം

**ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ**

# ഇടയലേഖനത്തിന്റെ പേരിൽ നിഴൽയുദ്ധം

## എന്തുകൊണ്ട് എതിർപ്പ്

ചില മാധ്യമങ്ങൾക്ക് സംസ്ഥാനത്തെ വലിയ പ്രശ്നം സഭയാണ്. അവരുടെ താളത്തിനൊത്തു തുള്ളാൻ സഭയ്ക്ക് സാധ്യമല്ലാത്തതുകൊണ്ട് ഇത് പ്രതീക്ഷിക്കാവുന്നതാണ്. മാറിമാറി വരുന്ന ഫാഷനുകളോടു ചേരാനാണല്ലോ ഇത്തരം മാധ്യമങ്ങൾക്ക് താല്പര്യം. സനാതനമൂല്യങ്ങൾക്കും ധാർമ്മികതയ്ക്കുംവേണ്ടി നിലകൊള്ളുന്നവരെ ഉൾക്കൊള്ളാൻ ഇവർക്കുള്ള പ്രയാസം മനസ്സിലാക്കാവുന്നതാണ്. എന്തു സംഭവിച്ചാലും ആരെന്തു പറഞ്ഞാലും അതു വളച്ചൊടിച്ച് സഭയെ അടിക്കാവുന്ന വടിയാക്കാമോ എന്നവർ നോക്കുന്നതും സ്വാഭാവികം.

തെരഞ്ഞെടുപ്പാണല്ലോ ഇപ്പോൾ പശ്ചാത്തലം. കഴിഞ്ഞ പാർലമെന്റുതെരഞ്ഞെടുപ്പുവേളയിൽ സഭയുടെ സ്വാധീനം കുറെ ഉണ്ടായോ എന്ന സംശയത്തിലാണ് പ്രത്യയശാസ്ത്രകക്ഷികൾ. അപ്പോൾ ആ സ്വാധീനം കഴിയുന്നത്ര ഇല്ലായ്മ ചെയ്യണമെന്ന ആഗ്രഹമുണ്ടാകുന്നതിൽ വിസ്മയിക്കാനില്ല. ഇതിനു വീണുകിട്ടിയ ഒരു ആയുധമാണ് കെ.സി.ബി.സിയുടെ ഇടയലേഖനം. അതിനെതിരായി വർഗ്ഗസമരവാദികളും എന്നും അവരോടു വിധേയത്വം പുലർത്തുന്ന സഹയാത്രികരായ ബുദ്ധിജീവികളു മെല്ലാം രംഗത്തുവന്നു. സ്വന്തം പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതി, ചാനലുകളിൽ ചർച്ചകൾ നടത്തി കഴിയുന്നത്ര പ്രചാരണം ഈ വിഷയത്തിനു കൊടുത്തു. ഒടുവിൽ ഇലക്ഷൻ കമ്മീഷണറെക്കൊണ്ടും ഇടയലേഖനത്തെക്കുറിച്ച് പരാമർശിപ്പിക്കാൻ കഴിഞ്ഞു. (അദ്ദേഹം ഒരു പൊതു തത്വം പറഞ്ഞു വച്ചു, എഴുതപ്പെട്ട ലേഖനത്തെപ്പറ്റി ഒന്നും പറഞ്ഞില്ലെന്നും മാത്രം.)

ഇടയലേഖനങ്ങൾ സഭാദ്ധ്യക്ഷന്മാർ നൽകുന്ന പ്രബോധനരേഖകളാണ്. ഒരേ വിശ്വാസം, ഒരേ പ്രബോധനം, സ്വീകരിക്കുന്നതാണ് സഭയിലെ ഐക്യത്തിന്റെ സുപ്രധാന സ്രോതസ്സ്. ഈ ഐക്യം തകർക്കലാണ് പ്രത്യയശാസ്ത്രക്കാരുടെയും വർഗ്ഗീയവാദികളുടെയുമെല്ലാം ലക്ഷ്യം. ഇടയലേഖനങ്ങളെ പിച്ചിച്ചീന്തിയാൽ സമൂഹത്തെ ചിന്നഭിന്നമാക്കാമെന്നതാണ് അവരുടെ ചിന്തയെന്നു തോന്നുന്നു. മാത്രമല്ല ഇവിടെ വോട്ടു വിഭജിക്കലും ആവശ്യമാണല്ലോ. അതുകൊണ്ട് പ്രബോധനങ്ങളെ ആക്ഷേപിച്ചു വിലയിടിക്കുക, രാഷ്ട്രീയ ഇടപെടലെന്നു വ്യാഖ്യാനിച്ചു എതിർപ്പുണ്ടാക്കുക, തുടങ്ങിയ തന്ത്രങ്ങളെല്ലാം ഇക്കൂട്ടർ പ്രയോഗിക്കുന്നു. ഇടയലേഖനം വായിച്ചാൽ ഒരു ചെവിയിൽ കൂടി കേട്ട് മറ്റേ ചെവിയിലൂടെ പോകാനുള്ളതാണെന്നു വരുത്തിത്തീർക്കണമെന്നു തന്നെയാണ് പ്രത്യയശാസ്ത്രക്കാരുടെ ആഗ്രഹം.

## മാധ്യമങ്ങളും ബുദ്ധിജീവികളും

എപ്പോഴും പ്രത്യയശാസ്ത്രത്തിനുവേണ്ടി മാത്രം ഹൃദയം തുടിക്കുന്ന ആസ്ഥാന ബുദ്ധിജീവികളും സജീവമായി രംഗത്തിറങ്ങിയല്ലോ. പുതിയ തലമുറയെ സ്വാധീനിക്കാൻ അവരെയാണ് പ്രത്യയശാസ്ത്രക്കാർ പ്രധാനമായും ഉപയോഗിക്കുക. അവരെല്ലാം അവരുടെ വീതം പറഞ്ഞുകഴിഞ്ഞു. അക്കൂട്ടത്തിൽ ക്രൈസ്തവ നാമധാരികൾക്കാണ് കൂടുതൽ പ്രാധാന്യം നല്കിയത്. (ചിലരെയെല്ലാം പ്രശ്സ്ത ദൈവശാസ്ത്രജ്ഞന്മാരാക്കിത്തീർത്തു.). വിമതരായ പത്തിരുപതുപേർ നടത്തിയ ചില പ്രകടനങ്ങൾക്ക് എത്ര വലിയ പ്രാധാന്യമാണ് ചില മാധ്യമങ്ങൾ നല്കിയത്. ഉള്ളിൽ നിന്നുള്ള വിമർശനം കൂടുതൽ ദോഷം ചെയ്യുമെന്ന് കരുതി തന്നെയാണ് മാധ്യമങ്ങളുടെയും സിദ്ധാന്തക്കാരുടെയും നീക്കങ്ങൾ.

ഈയിടെ ഒരു ചാനൽ തുടർച്ചയായി കത്തോലിക്കാവിദ്യാലയങ്ങളിൽ നിന്ന് ഗൗരവമായ കുറ്റങ്ങളുടെ അടിസ്ഥാനത്തിൽ പുറത്താക്കപ്പെട്ടവരുടെ ദയനീയ സ്ഥിതി അവതരിപ്പിച്ച് സഭയെ ആക്ഷേപിക്കുകയാണ് എന്നിട്ട് അവരുടെ വിചിത്രമായ നിഗമനം ഇതാണ്: മാനേജ്മെന്റുകൾക്ക് അധ്യാപകരെ പിരച്ചുവിടുന്നത് ഒരു ഹോബിയാണെന്ന്!! സഭയുടെ നൂറുകണക്കിനു വിദ്യാലയങ്ങളിലായി എത്രയോ അധ്യാപകരാണ് ജോലി ചെയ്യുന്നത്. അതിൽ നിന്നാണ് വലിയ അന്വേഷണം നടത്തി മൂന്നു നാലു പേരെ ഇക്കൂട്ടർ കണ്ടുപിടിച്ചിരിക്കുന്നത്. ഒരു ക്രൈസ്തവമാനേജുമെന്റും തീർത്തും ഗൗരവമായ കുറ്റങ്ങൾക്കല്ലാതെ ആരെയും പിരിച്ചുവിടില്ല. അന്യായമായി പിരിച്ചുവിട്ടാൽ അധ്യാപകനു പരാതിപ്പെടാനും നീതി സ്ഥാപിച്ചുകിട്ടാനും ഇവിടെ സംവിധാനങ്ങളുണ്ടല്ലോ. സകല മാർഗ്ഗവും തേടി പരാജയപ്പെട്ട ഏതാനും അധ്യാപകരെയാണ് ഇക്കൂട്ടർ ഉയർത്തിക്കാട്ടുന്നത്. ഇതു ചെയ്യുന്നതിനു തൊട്ടുമുമ്പ് കോഴിക്കോട് യൂണിവേഴ്സിറ്റി പിരിച്ചുവിട്ട പല അധ്യാപകരുണ്ടല്ലോ അതേക്കുറിച്ച് ഒന്നും പറയാനില്ല എന്നതു വിചിത്രമായിരിക്കുന്നു. മാത്രമല്ല സിദ്ധാന്തക്കാരുടെ മാതൃകാരാജ്യമായ ക്യൂബയിൽ ഈ വർഷം തന്നെ പത്തുലക്ഷം പേരെ പിരിച്ചുവിടുകയാണല്ലോ. ഇതിന് ആ ജോലിക്കാർക്ക് ആരോ

ടെങ്കിലും പരാതിപ്പെടാൻ കഴിയുമോ?.

## എന്താണ് ഇടയലേഖനം പറയുന്നത്

നമുക്ക് ഇടയലേഖനത്തിലേയ്ക്ക് തിരിച്ചു വരാം. മാധ്യമങ്ങളിലും പാർട്ടിവേദികളിലുമെല്ലാം ഇക്കാര്യത്തിൽ പലരും ഒച്ചപ്പാടുണ്ടാക്കി. അവരിൽ എത്രപേർ ഇടയലേഖനം മുഴുവൻ വായിച്ചിട്ടുണ്ട്, എന്നത് അന്വേഷിക്കേണ്ടതാണ്. മിക്കവരും ആദ്യം റിപ്പോർട്ടു ചെയ്ത മാധ്യമക്കാർ പറഞ്ഞൊപ്പിച്ച കാര്യങ്ങൾ കേട്ടാണ് പഴി പറയുന്നത് എന്നതാണ് സത്യം. ചില മാധ്യമപ്രവർത്തകർക്ക് വാർത്തക്കളല്ലാം മായം ചേർത്ത് അവതരിപ്പിക്കുകയാണാവശ്യം. എല്ലാം വിട്ടിട്ട് അവർക്കാവശ്യമായ ഒന്നോ രണ്ടോ വാചകങ്ങൾ അടർത്തിയെടുത്ത് ചായം പിടിപ്പിച്ച് തങ്ങൾക്കിഷ്ടമില്ലാത്തവരെ ആക്ഷേപിക്കുക ഇന്നത്തെ പതിവാണ്. ഇവിടെ വിദ്യാഭ്യാസ അവകാശങ്ങളിൽ ഉറച്ചു നില്കുകയും മതവിരുദ്ധതയെ എതിർക്കുകയും ചെയ്യുന്നതുകൊണ്ട് പ്രത്യയ ശാസ്ത്രക്കാർക്ക് സഭ വൻ ശത്രുവാണ്, വർഗ്ഗീയത ആരോപിക്കാൻ പ്രയാസമായതുകൊണ്ട് പൊതുരംഗത്ത് എന്തെങ്കിലും ചെയ്താൽ അത് രാഷ്ട്രീയ ഇടപെടലായി വ്യഖ്യാനിക്കുകയാണ് എളുപ്പമെന്ന് അവർക്കറിയാം. സഭ രാഷ്ട്രീയ ഇടപെടൽ നടത്തുന്നുവെന്നു പറഞ്ഞാൽ വർഗ്ഗീയ തീവ്രവാദികൾക്കും വികാരവിക്ഷോഭമുണ്ടാകും അങ്ങനെയാണ് ഇരുകൂട്ടരും ഇടയലേഖനകാര്യത്തിൽ കൈകോർത്തുവരിക. ഇക്കൂട്ടരാണല്ലോ ഇപ്പോൾ പല മാധ്യമങ്ങളും കൈയടക്കിയിരിക്കുന്നത്.

ഈ ഇടയലേഖനത്തിലൂടെ ഒരു ജനാധിപത്യസംവിധാനം നിലനിറുത്തുന്നതിന്, ജനങ്ങൾ ജാഗ്രതയോടെ കാര്യങ്ങൾ വിലയിരുത്തി പ്രവർത്തിക്കണം എന്ന കാര്യം ഓർപ്പിക്കുകയാണ് പിതാക്കന്മാർ ചെയ്തത്. എല്ലാ വോട്ടർമാരും ശ്രദ്ധയിൽ വയ്ക്കേണ്ട കാര്യങ്ങളാണ് ഇടയലേഖനം ചർച്ചചെയ്യുന്നത്. നമ്മുടെ നാട്ടിൽ ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചും ചേരിതിരിച്ചും വിദ്വേഷം പ്രചരിപ്പിച്ചുമെല്ലാമാണല്ലോ പലരും വോട്ടു നേടുന്നത്. ആ കെണികളിൽ പെടാതിരിക്കാൻ പൊതുജനങ്ങളെ പ്രബുദ്ധരാക്കാൻ എല്ലാ പൊതുപ്രവർത്തകർക്കും കടമയുണ്ട്. വാസ്തവത്തിൽ എല്ലാ മതവിശ്വാസികളും ഓർത്തിരിക്കേണ്ട കാര്യങ്ങൾ മാത്രമേ ഇടയലേഖനത്തിലുള്ളൂ.

ഇടയലേഖനത്തിന്റെ ആദ്യഭാഗത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യത്തെക്കുറിച്ചും അവയുടെ പ്രവർത്തനങ്ങളിൽ പങ്കുചേരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചുമാണ് പറയുക. തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ എല്ലാവരും തങ്ങളുടെ കടമ നിറവേറ്റണമെന്ന ഉദ്ബോധനമാണ് പിന്നീട് നല്കുന്നത്. ഈ രംഗത്ത് സമൂഹത്തിൽ കാണുന്ന നിസ്സംഗത മാറ്റേണ്ടത് സമൂഹത്തിന്റെ പൊതു ആവശ്യമാണ്. ശരിയായ ജീവിതദർശനമുള്ളവർ രംഗത്തുനിന്നകലുമ്പോഴാണ് ഭരണരംഗം വികൃതമാകുന്നത്. ഇങ്ങനെവരാതെ ജനാധിപത്യത്തിന്റെ അടിത്തറ ശക്തിപ്പെടുത്തേണ്ട ചുമതല എല്ലാവർക്കുമുണ്ട്.

പിന്നീട് സഭയുടെ പരമ്പരാഗതമായ പ്രബോധനമനുസരിച്ച് അത്മായ വിശ്വാസികൾക്ക് ഭൗതികരംഗത്തുള്ള കടമകളെക്കുറിച്ചാണ് ഇടയലേഖനം വിശദീകരിച്ചിരിക്കുന്നത്. നന്മയുടെ ഒരു സമൂഹം, സ്നേഹത്തിന്റെ ഒരു സംസ്കാരം, കെട്ടിപ്പെടുക്കാൻ ആവതെല്ലാം ചെയ്യാൻ അവർക്ക് കടമയുണ്ട്. ഓരോ വ്യക്തിയുടെയും എല്ലാ മനുഷ്യരുടെയും സമഗ്രനന്മയും പൊതുനന്മയും സമന്വയിപ്പിച്ചുകൊണ്ടുപോകാൻ സമർപ്പണം നടത്തുന്നവരുടെ തലമുറ ഉണർന്നെണീക്കാൻ ഇടയാകണം എന്ന ആവശ്യമാണ് ഈ ഭാഗത്ത് ഇടയലേഖനം ഉന്നയിക്കുന്നത്.

കേരളത്തിലെ ഇടുങ്ങിയ കക്ഷിരാഷ്ട്രീയക്കളിയിൽ വേണ്ടരീതിയിൽ വികസനം സാധ്യമാകാതെ പോകുന്നു, അസമത്വം വളരുന്നു, പൊതുനന്മ അവഗണിക്കപ്പെടുന്നു- ഇങ്ങനെയുള്ള കാര്യങ്ങളെ ചൂണ്ടിക്കാണിച്ചു ജനങ്ങളുടെ പ്രബുദ്ധത വളർത്താനാണ് ലേഖനം പിന്നീട് ശ്രമിക്കുക. നീതി നിഷേധിക്കപ്പെടുന്ന ചിലരംഗങ്ങളിൽ നിന്നുള്ള വിവരങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കപ്പെടുന്നു. സമൂഹത്തിൽ വ്യാപകമായി കാണുന്ന തെറ്റായ പ്രവണതകളും ഇവിടെ സൂചിപ്പിക്കപ്പെടുന്നു. മദ്യം മയക്കുമരുന്ന എന്നിവയെ ചെറുക്കാൻ കഴിയുന്നവരെയാണ് തെരഞ്ഞെടുക്കേണ്ടത് എന്നും ലേഖനം പറഞ്ഞു വയ്ക്കുന്നു. ഇതെല്ലാം സാമൂഹ്യ രാഷ്ട്രീയ പ്രശ്നങ്ങളുമാണല്ലോ. എന്നാൽ ഇവയെക്കുറിച്ചെല്ലാം ആരുപറഞ്ഞാലും ആർക്കും രാഷ്ട്രീയ ഇടപെടലായി സാധാരണ വ്യാഖ്യാനിക്കപ്പെടാറില്ലല്ലോ.

## ചില രാഷ്ട്രീയ തന്ത്രങ്ങൾ തുറന്നു കാട്ടുന്നു

പിന്നീടുള്ള ഖണ്ഡികയാണ് വിമർശകരുടെ ഒരു ആയുധം. അവിടെയാണ് പാർട്ടികൾ ഒരുക്കുന്ന ചില കെണികളിൽ പെടരുത്, യാഥാർത്ഥ്യം മനസ്സിലാക്കി വോട്ടു ചെയ്യണമെന്ന് ഉപദേശം നല്ക്കപ്പെടുന്നത്. അപരന്മാരെ സൂക്ഷിക്കണം, അതുപോലെ തന്നെ സ്വതന്ത്രന്മാരെ മറയാക്കി ചിലർ ജനങ്ങളെ കബളിപ്പിക്കുന്ന

രീതിയെക്കുറിച്ചും മനസ്സിലാക്കണം. സ്വതന്ത്രരായി നിറുത്തിയവരെ പിന്നീടു വരുതിയിലാക്കുന്ന തന്ത്രത്തെക്കുറിച്ചും വോട്ട് ചെയ്യുന്നവർ തീർച്ചയായും അറിഞ്ഞിരിക്കണം. പാർട്ടി സമ്പ്രദായമാണല്ലോ നമ്മുടെ ജനാധിപത്യസംവിധാനത്തിൽ നിലവിലിരിക്കുന്നത്. പ്രവേശിക്കാൻ പ്രയാസമുള്ളിടത്ത് സ്വതന്ത്രരെ മറയാക്കി ചില പാർട്ടികൾ നടത്തുന്ന തട്ടിപ്പ് ജനങ്ങൾ മനസ്സിലാക്കേണ്ടതുതന്നെയാണ്. പാർട്ടിയെ തിരിച്ചറിഞ്ഞുവേണം വോട്ടു ചെയ്യാൻ എന്ന സൂചന അവിടെയുണ്ട്. ജനങ്ങളെ കബളിപ്പിക്കുന്ന രീതി അവർ അറിഞ്ഞിരിക്കേണ്ടത് ശരിയായ ജനാധിപത്യ വിജയത്തിന് ആവശ്യം തന്നെയാണ്. നല്ലവരായ പലരും നിരീശ്വരപ്രത്യയശാസ്ത്ര പാർട്ടികളുടെ പിന്തുണയോടെ സ്വതന്ത്രന്മാരായി ജയിച്ചുവെങ്കിലും പിന്നീടവർ പാർട്ടിയംഗങ്ങളാകാനും അവർ മുമ്പു നിലകൊണ്ടിരുന്ന സാന്മാർഗിക മൂല്യങ്ങൾക്ക് എതിരാകാനും ഒരുക്കിയ വിദഗ്ദ്ധമായ കെണിയാണ് അവരുടെ സ്വതന്ത്ര സ്ഥാനാർത്ഥിത്വം(ഇടയലേഖനം). ഇതവിടെ ഉദാഹരണം ചീണ്ടിക്കാട്ടിയെന്നുമാത്രം. മറ്റു പാർട്ടികളിലും ചിലർ ഇങ്ങനെ ചെയ്തിട്ടുണ്ടാവാം. മതവശ്വാസികളെ വഴി തെറ്റിക്കുന്ന സംരഭങ്ങൾക്കെതിരായി മുന്നറിയിപ്പു നൽകാൻ മതാദ്ധ്യക്ഷന്മാർക്ക് എന്നും എല്ലായിടത്തും ചുമതലയുണ്ടല്ലോ. അത് വിശ്വാസത്തോടു ബന്ധപ്പെട്ട കാര്യമാണ് ഇതെങ്ങനെ രാഷ്ട്രീയ ഇടപെടലാകും?.

ഓരോ രാഷ്ട്രീയപാർട്ടിയുടെയും പ്രത്യയശാസ്ത്ര അടിസ്ഥാനത്തെ വിലയിരുത്തിയും അവരുടെ രാഷ്ട്രീയ നിലപാടുകളെ അവലോകനം ചെയ്തുംവേണം തെരഞ്ഞെടുപ്പിൽ നമ്മുടെ മനോഭാവത്തെ രൂപപ്പെടുത്തുവാൻ എന്നതാണ് ഇടയലേഖനത്തിന്റെ നിലപാട്. രാഷ്ട്രീയതയും മതവിരുദ്ധതയും ജനാധിപത്യവിരുദ്ധതയും പ്രത്യയശാസ്ത്രമായി കൊണ്ടുനടക്കുന്നവർക്കും അതു രാഷ്ട്രയമായി നടപ്പിലാക്കാൻ ശ്രമിക്കുന്നവർക്കും അനുകൂലമായ നിലപാടു സ്വീകരിക്കുന്നത് അപകടമാണെന്ന് മാത്രമാണ് ഇടയലേഖനം വ്യക്തമാക്കുന്നത്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ഈ മഹത്തായമൂല്യങ്ങൾ ഉയർത്തിപിടിക്കുകയും ആ മൂല്യങ്ങൾക്ക് അനുസൃതമായി രാഷ്ട്രീയനിലപാടു സ്വീകരിക്കുവാൻ ആഹ്വാനം ചെയ്യുകയുമാണ് ഇടയലേഖനം. ജനാധിപത്യ വിരുദ്ധതയ്ക്ക് എതിരെ നീതിന്യായവ്യവസ്ഥയിലൂടെയും തെരഞ്ഞെടുപ്പുപോലുള്ള ജനാധിപത്യ പ്രക്രിയയിലൂടെയും ഇടപെടാനുള്ള ദൗത്യം എല്ലാവർക്കുമുണ്ടെല്ലോ?

## പൊതുതത്വങ്ങളുടെ വിശകലനം മാത്രം

മതവിശ്വാസം കേവലം വ്യക്തിപരമോ, ഭൗതീകാതീതകാര്യങ്ങളെക്കുറിച്ചുള്ള ധ്യാനമോ, അനുഷ്ഠാനങ്ങളോ മാത്രമല്ല. വിശ്വാസികളുടെ സമൂഹങ്ങൾക്ക് സംഘടിതമായി പ്രവർത്തിക്കാൻ അവകാശമുണ്ട്. ഈ സമൂഹങ്ങൾ പൊതു സമൂഹത്തിന്റെ നടുവിലാണ് ജീവിക്കുന്നത്. സാമൂഹിക സാമ്പത്തിക രാഷ്ട്രീയ രംഗങ്ങളിലെല്ലാം പ്രവർത്തിക്കുന്നവരാണ് വിശ്വാസികൾ. അവിടെയെല്ലാം വിശ്വാസത്തിനനുസരിച്ച് എങ്ങനെ ജീവിക്കണമെന്ന കാര്യത്തിൽ വഴികാട്ടാൻ ഈ സമൂഹങ്ങളെ നയിക്കുന്നവർക്ക് ഉത്തരവാദിത്വമുണ്ട്. നിരീശ്വരവാദികളെ ആശയപരമായി നേരിടണം. എന്നാൽ രാഷ്ട്രീയ ശക്തി ഉപയോഗിച്ച് മതവിശ്വാസം ഉന്മൂലനം ചെയ്യാൻ ആഗ്രഹിക്കുന്ന പ്രസ്ഥാനങ്ങളെ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതും അവരുടെ ചുമതലയാണ് നിലനില്പിന്റെ പ്രശ്നമാണ്, അതിനുവേണ്ടി നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പരിശ്രമിക്കാതിരിക്കാൻ വയ്യല്ലോ? അതിനെ രാഷ്ട്രീയ ഇടപെടൽ എന്നു പറഞ്ഞാക്ഷേപിക്കുന്നതിൽ അർത്ഥമില്ല.

**തയ്യാറാക്കിയത്: ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ**

**"Jagratha News"** – An internet news service is free and for private circulation

**Web:** www.kcbcsocialharmony.org, **Blog:** jagrathakcbc.blogspot.com

**Designed and Edited by** Fr. Johny Kochuparambil, Secretary, KCBC Commission for Social Harmony and Vigilance, P.O.C, P.B. No. 2251, Palarivattom, Kochi-25, INDIA